# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## വിശുദ്ധരുടെ കുടുംബം-ഒരു മാതൃകാ കുടുംബം



വിശുദ്ധി പ്രാപിക്കുന്നതിനു കഠിനമായ തപസും പ്രായശ്ചിത്തവും ത്യാഗപൂർണ്ണമായ ജീവിതവും ആവശ്യമാണ് എന്നു കരുതിയിരിക്കുന്ന കാലഘട്ടത്തിൽ, സാധാരണയുള്ള കാര്യങ്ങൾ അസാധാരണമായ നിയോഗങ്ങളുടെ പിൻബലത്തിൽ ചെയ്യുകയും എല്ലാവരുടെയും മുന്നിൽ എളിമയോടെ ആയിരിക്കാൻ കഴിയുകയും കർത്താവിന്റെ സന്നിധിയിൽ പൂർണ്ണമായ ആശ്രയബോധത്തോടുകൂടി ശിശുതുല്യമായ ഒരു തുറവി കാത്തുസൂക്ഷിക്കാൻ കഴിയുകയും ചെയ്യുന്നിടത്തു വിശുദ്ധിയുണ്ടെന്നു നമ്മെ പഠിപ്പിച്ച ആധുനിക ലോകത്തിലെ ഏറ്റവും വലിയ വിശുദ്ധയാണ് കൊച്ചുത്രേസ്യാ. 24 വർഷത്തെ ഭൂമിയിലെ ജീവിതം വഴി ആയുസ്സിന്റെ ദൈർഘ്യമല്ല വിശുദ്ധിക്ക് നിദാനം എന്നും അവൾ നമ്മെ പഠിപ്പിക്കുന്നു.

ഈ പാഠങ്ങൾക്ക് അവളുടെ പ്രാഥമിക വിദ്യാലയമായിത്തീർന്നത് അവളുടെ കുടുംബവും അവളുടെ മാതാപിതാക്കളുമാണ്. ഭൂമിയിൽ വിലമതിക്കപ്പെടുന്നതിനേക്കാൾ സ്വർഗ്ഗത്തിൽ വിലമതിക്കപ്പെടുന്ന ഒരു അപ്പനെയും അമ്മയെയും ദൈവം എനിക്കു നൽകി എന്നു വിശുദ്ധ കൊച്ചുത്രേസ്യാ പറഞ്ഞു. ആ മാതാപിതാക്കൾ സ്വർഗ്ഗത്തിൽ വിലമതിക്കപ്പെടുന്നതിനെ 2015 ഒക്ടോബർ 18നു ഭൂമിയിലെ സഭ അംഗീകരിക്കുകയാണ്. അന്നേദിവസം റോമിൽ നടക്കുന്ന ശുശ്രൂഷയുടെ മധ്യേ ഈ വിശുദ്ധ മാതാപിതാക്കളെ, ലൂയി മാർട്ടിനെയും (18231894) സെലി ഗ്വെരിനെയും (18311877), സഭ വിശുദ്ധർ എന്നു നാമകരണം ചെയ്യുകയാണ്.

ലൂയി മാർട്ടിനെക്കുറിച്ച് സെലി ഗ്വെരിൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം എന്നെ മനസ്സിലാക്കി... അദ്ദേഹം എന്നെ ആശ്വസിപ്പിച്ചു... ഞങ്ങളുടെ സ്നേഹം അനുദിനം വർദ്ധിച്ചു... നമ്മുടെ മാതാപിതാക്കൾ അനുദിനം പറയുവാൻ ഇഷ്ടപ്പെടുന്ന മൂന്നു കാര്യങ്ങൾ സെലി ഗ്വെരിന് പങ്കുവയ്ക്കുന്നുണ്ട്. എന്നെ മനസ്സിലാക്കി, എന്നെ ആശ്വസിപ്പിച്ചു, സ്നേഹം അനുദിനം വർദ്ധിച്ചു. മാതാപിതാക്കളുടെ പരസ്പരം മനസ്സിലാക്കൽ ഇന്നു വളരെയേറെ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. പരസ്പരം മനസ്സിലാക്കാൻ കഴിയാത്തയിടങ്ങളിലാണു പലപ്പോഴും പലവിധത്തിലുള്ള പ്രശ്നങ്ങൾ ആരംഭിക്കുന്നത്. പരസ്പരവും മക്കളെയും മനസ്സിലാക്കി ജീവിക്കാൻ കഴിയുമാറാകണമെന്നാണ് ഇന്നു മാതാപിതാക്കൾ പ്രാർത്ഥിക്കേണ്ടത്.

സ്വയം തൊഴിൽ കണ്ടെത്തുകയും സംരംഭകരാവുകയും ചെയ്യുന്നവർക്ക് ഒരു മാതൃകയാണ് ഈ ദമ്പതികൾ. ലൂയി മാർട്ടിന് വാച്ച് നിർമ്മാണവും ജുവലറി വ്യാപാരവും നടത്തുന്നതോടൊപ്പം തന്നെ യുവാക്കളെ സംഘടിപ്പിച്ച് അദ്ദേഹത്തിന്റെ പ്രസ്ഥാനത്തിൽ പങ്കാളികളാക്കുകയും മറ്റുള്ളവരെ സഹായിക്കാൻ ഒരു സംഘടനയ്ക്കു രൂപം നൽകുകയും ചെയ്തു. സെലി ഗ്വെരിൻ അയൽവാസികളായ യുവതികളെ ചേർത്ത് ലെയ്സ് നിർമ്മാണത്തിന്റെ കൂടുതൽ സാധ്യതകളിലേക്ക് ആ പ്രദേശത്തെ യുവതികളെ കൈപിടിച്ചു നടത്തുവാൻ ശ്രമിച്ചിരുന്നു. ലൂയി മാർട്ടിൻ ലിസ്യുവിലേക്ക് മാറി താമസിക്കുന്ന സമയത്ത് സെലി ഗ്വെരിന്റെ സ്ഥാപനത്തിലെ മാനേജരായി ജോലിനോക്കാൻപോലും തയ്യാറായതു തൊഴിൽ മേഖലകളിൽ എളിമപ്പെടുത്തിന്റെ പാഠം നമ്മെ പഠിപ്പിക്കുന്നുണ്ട്. പൂർവ്വപിതാവായ അബ്രാഹത്തെപ്പോലെ തന്നെ ദൈവത്തിനുവേണ്ടിയും വിശ്വാസത്തിനുവേണ്ടിയും ദൈവം നൽകിയ മക്കളുടെ ഭാവിക്കുവേണ്ടിയും സ്വന്തം സ്ഥലത്തെയും ഭവനത്തെയും ഉപേക്ഷിച്ച് ധാരാളം കഷ്ടതകളുടെ യാത്രകൾ നടത്തേണ്ടിവന്ന ഒരു പുണ്യാത്മാവാണ് വിശുദ്ധ ലൂയി മാർട്ടിൻ. എന്നിട്ടും ദൈവത്തിന്റെ പദ്ധതിയുടെ മുമ്പിൽ ശിരസുനമിച്ച ഒരു പുണ്യപിതാവ്.

മകളോടൊത്ത് സായാഹ്നസവാരിക്കു പോകുമ്പോൾ മഠത്തിന്റെ മതിൽക്കെട്ടിനു പുറത്തുനിന്നു പുണ്യവതികളായ കന്യാസ്ത്രീകൾ നിരന്തരം ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു ചിലവഴിക്കുന്ന സ്ഥലമാണ് ഇതിനുള്ളിൽ എന്ന് അദ്ദേഹം തന്നെയാണു പറഞ്ഞുകൊടുത്തത്. പ്രാർത്ഥനാ ജീവിതത്തിൽ വിശുദ്ധ കൊച്ചുത്രേസ്യാക്ക് എന്നും മാതൃകയായിരുന്നതു ലൂയി മാർട്ടിൻ തന്നെയായിരുന്നു.

വേണ്ട സമയത്ത് തിരുത്തലുകൾ നൽകി എന്നെ വളർത്തുവാൻ അധികാരവും ആർജ്ജവവും ഉള്ള മാതാപിതാക്കളായിരുന്നു എനിക്കുണ്ടായിരുന്നത്. പുണ്യമില്ലാത്ത മാതാപിതാക്കളാണ് എന്നെ വളർത്തിയിരുന്നതെങ്കിൽ തൊട്ടാവാടിയായ എന്റെ സ്വഭാവം വളരെ മോശമാകുമായിരുന്നുവെന്ന് എനിക്ക് ഉറപ്പുണ്ട്. വിശുദ്ധ കൊച്ചു ത്രേസ്യാ എഴുതി ആധുനിക ലോകത്തിലെ മാതാപിതാക്കൾ മക്കൾക്കു തിരുത്തലുകൾ നൽകാനുള്ള വിമുഖതയിൽ നഷ്ടമാകുന്നത് അവരുടെ സ്വഭാവ രൂപവത്ക്കരണം തന്നെയാണ്. പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുന്ന മാതാപിതാക്കൾക്കാണു മക്കളെ ശിക്ഷിക്കാനുള്ള അധികാരവും അവകാശമുള്ളത് എന്ന കാര്യം എന്നാണു ബോധ്യം വരുക.

ആധുനിക ലോകത്തിലെ മക്കൾ മാതൃക നൽകുന്ന മാതാപിതാക്കളെ അന്വേഷിച്ച് അലയുമ്പോൾ ലൂയി മാർട്ടിനും സെലി ഗ്വെരിനും നമ്മുടെ മുമ്പിൽ ഒരു വെല്ലുവിളിയാണ്. തന്റെ ചുറ്റും സന്മതൃകകൾ മാത്രം ഉണ്ടായിരുന്നതിനാൽ അവയെ അനുകരിക്കാൻ നൈസർഗ്ഗികമായ ഒരു പ്രവണത എന്നിൽ രൂപപ്പെട്ടുവെന്നു വിശുദ്ധ കൊച്ചുത്രേസ്യാ നമ്മോടു പറയുന്നു.

കത്തോലിക്കാ സഭയുടെതന്നെ ചരിത്രത്തിൽ ആദ്യമായിട്ടാണു മാതാപിതാക്കളെ ഒന്നിച്ചു വിശുദ്ധരായിട്ടു പ്രഖ്യാപിക്കുന്നത്. വിശുദ്ധ കൊച്ചുത്രേസ്യായുടെ സഹോദരിമാരിൽ ഒരാളെ ഉടനെ തന്നെ വാഴ്ത്തപ്പെട്ടവളായി സഭ പ്രഖ്യാപിക്കുകകൂടി ചെയ്യുമ്പോൾ ഒരു കുടുംബത്തെ മുഴുവനായും ദൈവം തെരഞ്ഞെടുത്തു വിശുദ്ധീകരിച്ചു എന്നു നമുക്ക് തീർച്ചയായും വിശ്വസിക്കാം.

ധനത്തേക്കാൾ ധാർമികമൂല്യങ്ങൾക്കു വിലകൊടുത്ത ഒരു മനോഭാവമായിരുന്നു മാർട്ടിൻ കുടുംബത്തിന്റേത്. എത്ര തിരക്കിനിടയിലും രാവിലെ 5.30നുള്ള ദിവ്യബലിയിൽ സംബന്ധിക്കുക ഇവരുടെ പതിവായിരുന്നു. രാവിലെയും വൈകുന്നേരവുമുള്ള കുടുംബപ്രാർത്ഥനയും അങ്ങനെതന്നെ. വാക്കുകളിലൂടെ പറഞ്ഞുകൊടുത്ത കാര്യങ്ങൾ അവരുടെ പ്രവൃത്തിയിലും ഉണ്ടായിരുന്നു. ദൈവം എന്ന വാക്കാണ് ആദ്യം ഉച്ചരിക്കാൻ അമ്മ അവളെ പഠിപ്പിച്ചത്. കൊച്ചുത്രേസ്യാ പറയുന്നു: ഞാൻ ചിന്തിക്കാൻ തുടങ്ങിയകാലം മുതൽ ഒരു സംഗതി നല്ലതല്ല എന്ന് ഒരിക്കൽ മാത്രം പറഞ്ഞാൽ മതി, പിന്നെ ഞാൻ ഒരിക്കലും അങ്ങനെ ചെയ്യുകയില്ല. അങ്ങനെയാണു മാതാപിതാക്കൾ എന്നെ പരിശീലിപ്പിച്ചത്.